LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പിലെ പ്രൊമോഷൻ

80 (5153) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ പ്രൊമോഷൻ യഥാസമയം നൽകുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ബി) ലോവർ ഡി.പി.സി., ഹയർ ഡി.പി.സി. എന്നിവ സമയബന്ധിതമായി നടത്താറില്ലെന്നുള്ളതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കഴിഞ്ഞ രണ്ട് വർഷക്കാലത്തിനിടയിൽ ചേർന്ന ഡി.പി.സി.-കളുടെ വിശദ വിവരം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ

81 (5154) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ വിവിധ കേഡറുകളിലായി എത്ര തസ്തികകൾ ഒഴിവുണ്ട് ; അദ്ധ്യാപകരുടേതുൾപ്പെടെ ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

വൊക്കേഷണൽ സ്കൂളുകളിലെ നോൺ വൊക്കേഷണൽ ടീച്ചർ ഒഴിവുകൾ

82 (5155) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വി.എച്ച്.എസ്.എസ്. പ്രവർത്തിക്കുന്നുണ്ട് എന്നത് വ്യക്തമാക്കാമോ ;

(ബി) വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ നോൺ വൊക്കേഷണൽ ടീച്ചർ (ബയോളജി) സീനിയർ ജൂനിയർ തസ്തികകളിലെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ച് വിശദമാക്കാമോ ;

(സി) പ്രസ്തുത തസ്തികകളുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്നും എങ്കിൽ ഏതാണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നും അറിയാമോ ; വിശദമാക്കാമോ ;